**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 25/01/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC4/2021/EXCISE**

വിഷയം: അബ്കാരി- പ്രതികളില്ലാത്ത കേസുകൾ റഫർ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ - മാർഗ്ഗ നിർദ്ദേശം- സംബന്ധിച്ച്.

സൂചന: 08.01.2021 തീയതിയിലെ ഇഎക്സ്സി/5731/എക്സ് ഇ 4 നമ്പർ കത്ത്.

കേസുകൾ കണ്ടെടുക്കുമ്പോഴും തുടർന്നുള്ള അന്വേഷണത്തിലും കൃത്യവും ശക്തവുമായ അന്വേഷണം നടത്തി യഥാർത്ഥ പ്രതിയെ കണ്ടെത്തുവാനുള്ള നിയമപരമായ ബാധ്യത നിരവേറ്റുന്നതിനുള്ള ഉത്തരവാദിത്വം എക്സൈസ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. എന്നാൽ മതിയായ അന്വേഷണം കൂടാതെ കേസുകളുടെ റഫർ ചാർജ്/ റിപ്പോർട്ട് സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇത്തരം കേസുകളിൽ അന്വേഷണ ഉദ്യോഗസ്ഥർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(എ) അബ്കാരി നിയമം 66 പ്രകാരം കുറ്റവാളിയെ കണ്ടെത്താൻ ആവാത്തതുൾപ്പെടെയുള്ള കേസുകളിൽ ഉൾപ്പെട്ട തൊണ്ടി വസ്തുക്കൾ കണ്ടുകെട്ടി ഉത്തരവാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ചുരുങ്ങിയ കാലയളവ് 30 ദിവസമാകയാൽ, ആയതിൽ കുറഞ്ഞ കാലയളവിനുള്ളിൽ ഇത്തരം കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നത് നിയമപരമായി ഉചിതമല്ലാത്തതിനാൽ ടി കാലപരിധി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(ബി) കേസിലുൾപ്പെട്ട തൊണ്ടി വസ്തുക്കൾ പൊതു സ്ഥലത്തുവെച്ചാണ് കണ്ടെടുത്തിട്ടുള്ളതെന്ന് പരാമർശം അനുബന്ധരേഖകൾ ഉണ്ടാക്കുമ്പോൾ ആയതിൽ റഫർ ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്ന ഉദ്യോഗസ്ഥന് സംശയലേശമെന്യേ ആയത് പൊതുസ്ഥലമാണെന്ന് സ്ഥാപിച്ചെടുക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതിനുശേഷം മാത്രമെ റഫർ ചാർജ്ജ് ഷീറ്റ് തയ്യാറാക്കുന്ന നടപടി സ്വീകരിക്കുവാൻ പാടുള്ളൂ.

(സി) കേവലം യാന്ത്രികമായി മഹസ്സറിൽ സൂചിപ്പിച്ച കാര്യങ്ങൾ മാത്രം പകർത്തി മൊഴികൾ തയ്യാറാക്കി അന്വേഷണം പൂർത്തിയാക്കുന്നതായി രേഖപ്പെടുത്തുന്നതിനു പകരം സംഭവസ്ഥലത്ത് പോയി പരിസരവാസികൾ ഉൾപ്പെടെയുള്ളവരുടെ വിശദമായ മൊഴി രേഖപ്പെടുത്തി പ്രതിയെ കണ്ടെത്തുവാനുള്ള എല്ലാ സാധ്യതകളും പൂർണ്ണമായി ആരാഞ്ഞതിനുശേഷം മാത്രമെ കേസ് റഫർ ചെയ്യുവാൻ പാടുള്ളൂ.

(ഡി) റഫർ ചാർജ്ജ് ഷീറ്റ് സമർപ്പിക്കേണ്ടി വരുന്ന സാഹചര്യത്തിൽ കുറ്റപത്രം തയ്യാറാക്കി എൻഫോഴ്സ്മെന്റ് അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറുടെ പരിശോധനക്കും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ അംഗീകാരത്തിനും വിധേയമായി മാത്രമെ കോടതി മുമ്പാകെ സമർപ്പിക്കുവാൻ പാടുള്ളൂ.

(ഇ) കേസുമായി ബന്ധപ്പെട്ട് നിയമാനുസരണം നിഷ്കർഷിച്ച രീതിയിൽ സി.ഡി ഫയൽ തയ്യാറാക്കേണ്ടതും ആയത് യഥാസമയം മേലുദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണ്. ചാർജ് ഷീറ്റ് ചെയ്യാത്ത കേസുകളുടെ വിശദാംശങ്ങൾ അവലോകനം ചെയ്യുന്നതുപോലെ ചാർജ്ജ് ഷീറ്റ് ചെയ്ത കേസുകളുടെ വിശദാംശങ്ങളുടെ അവലോകനവും ജില്ലാതല അവലോകന യോഗങ്ങളിൽ നടത്തി ആയതിന്റെ വിവരങ്ങൾ കേസ് നമ്പർ ഉൾപ്പടെ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്

S. AANANTHAKRISHNAN IPS
Signature valid
Digitally signed by AANANTHAKRISHNAN S
Date 2021.01.25 ... IST
Reason Approved

**എക്സൈസ് കമ്മീഷണർ**

പകർപ്പ് :

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ് മെൻറ്)
2. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
4. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ (എല്ലാം ഡിവിഷനുകളും)
5. സി.എ റ്റു എക്സൈസ് കമ്മിഷണർ& അഡീഷണൽ എക്സൈസ് കമ്മിഷണർ (എൻഫോഴ്സ് മെൻറ്)
6. ഉത്തരവ് ഫയൽ /കരുതൽ ഫയൽ.